പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *84. 11.3.2015 ന് മറുപടിയ്ക്ക്.

## അക്കാഡമി ഫോർ സ്കിൽഡ് എക്സലൻസ്

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ആർ. സെൽവരാജ് :<br>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :<br>ശ്രീ. ജോസഫ് വാഴയ്ക്കൻ :<br>ശ്രീ. പി.എ.മാധവൻ : | ശ്രീ. ഷിബു ബേബിജോൺ<br>(തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് അക്കാഡമി ഫോർ സ്കിൽഡ് എക്സലൻസ് സ്ഥാപിച്ചിട്ടുണ്ടോ; പ്രസ്തുത അക്കാഡമി യുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാ ണെന്നു വിശദമാക്കാമോ ; | (എ) വിവിധ മേഖലയിൽ നൈപുണ്യവികസന കേന്ദ്രങ്ങൾ തുടങ്ങുന്നതിലേയ്ക്കായി 28.3.2012 ൽ കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (KASE) എന്ന പേരിൽ സർക്കാർ ഉടമസ്ഥതയിലുള്ള ഒരു സെക്ഷൻ 25 കമ്പനി സ്ഥാപിച്ചു. ആധുനികലോകത്തെ വിവിധ മേഖലകൾക്കനുസൃതമായി, ശാസ്ത്രീയമായി തയ്യാറാക്കിയ പ്രത്യേക പരിശീലന പദ്ധതികളിലൂടെ തീവ്രപരിശീലനം നൽകി അതിവിദഗ്ധ തൊഴിൽ പ്രൊഫഷണലുകളെ വാർത്തെടുക്കുകയെന്നതാണ് KASE-ന്റെ പ്രധാന ലക്ഷ്യം. |
| (ബി) പ്രസ്തുത സ്ഥാപനം വഴി ഏതെല്ലാം പദ്ധതികളാണ് നടപ്പിലാക്കി യതെന്നു വ്യക്തമാക്കുമോ ; | (ബി) ഇന്റർനാഷണൽ സ്കിൽസ് പാർക്ക് തുടങ്ങുന്നതിനായി അങ്കമാലിയിലെ ഇൻകലിൽ കെട്ടിടം ലീസ് വ്യവസ്ഥയിൽ എടുത്തിട്ടുണ്ട്. ഇവിടെ ഹൈടെക് ഓട്ടോമേഷൻ മെക്കാട്രോണിക്സ്, ഓയിൽ&റിഗ്, റീട്ടെയിൽ, സെക്യൂരിറ്റി, ഹോസ്പിറ്റാലിറ്റി തുടങ്ങിയ മേഖലകളിൽ മികവിന്റെ കേന്ദ്രങ്ങൾ ആരംഭിക്കുന്നതാണ്. കൂടാതെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ചർ& കൺസ്ട്രക്ഷൻ (IIIC) സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. നഴ്സിംഗ് മേഖലയിൽ മികവിന്റെ കേന്ദ്രം തുടങ്ങുന്നതിനു പങ്കാളിയെ കണ്ടെത്തി ധാരണാപത്രത്തിൽ ഒപ്പു വയ്ക്കുകയും തിരുവനന്തപുരം കിൻഫ്രയിൽ കെട്ടിടം എടുക്കുകയും തുടർന്നുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുകയും ചെയ്യുന്നു. ആദ്യ ബാച്ചിന്റെ പരിശീലനം ഉടൻ തന്നെ ആരംഭിക്കുന്നതാണ്. ഏവിയേഷൻ അക്കാദമി സ്ഥാപിക്കുന്നതിന് പങ്കാളിയെ കണ്ടെത്തുകയും തിരുവനന്തപുരം ടെക്നോസിറ്റിയിൽ 5 ഏക്കർ സ്ഥലം മാറ്റി വയ്ക്കുകയും തുടർന്നുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുകയും ചെയ്യുന്നു. |

| | |
|---|---|
| (സി) പ്രസ്തുത അക്കാഡമി ഏതെല്ലാം തൊഴിൽ മേഖലകളിലാണ് പദ്ധതികൾ നടപ്പിലാക്കിയതെന്നു വിശദമാക്കാമോ? | (സി) ഹൈടെക് ഓട്ടോമേഷൻ& മെക്കാട്രോണിക്സ്, ഓയിൽ&റിഗ്, റീട്ടെയ്ൽ, സെക്യൂരിറ്റി, കൺസ്ട്രക്ഷൻ, നഴ്സിംഗ്, വ്യോമയാനം, ടൂറിസം, ഓട്ടോമൊബൈൽ, ഹോസ്പിറ്റാലിറ്റി തുടങ്ങിയ മേഖലകളിൽ നൈപുണ്യവികസന കേന്ദ്രങ്ങൾ തുടങ്ങുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ